शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**303**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015–16

## ഗണിതം

സ്റ്റാൻഡേർഡ് - III

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ..............................................................

വിദ്യാലയത്തിന്റെ പേര് ..............................................................

രക്ഷിതാവിന്റെ ഒപ്പ് ..............................................................

അധ്യാപകന്റെ ഒപ്പ് ..............................................................

| നം | പ്രവർത്തനങ്ങൾ | നിലവാര സൂചിക |
|---|---|---|
| 1 | ഗണിതകോർണർ | |
| 2 | ബില്ല് പൂർത്തിയാക്കാം | |
| 3 | ആകാശവാണി | |
| 4 | കുപ്പിയിൽ വെള്ളം നിറയ്ക്കൽ | |
| 5 | നവംബർ മാസത്തിൽ | |
| | ഗ്രേഡ് | |

**പ്രവർത്തനം 1 - ഗണിതകോർണർ**

ഗണിതമൂലയിൽ പ്രദർശിപ്പിക്കാനായി റാഷിദ് വരച്ച ചിത്രമാണിത്



- ചിത്രത്തിൽ എത്ര ചതുരങ്ങളുണ്ട്? ☐
- എത്ര വട്ടങ്ങളുണ്ട്? ☐
- ചിത്രത്തിലെ ത്രികോണങ്ങൾക്ക് മുഴുവൻ നിറം നൽകുക

◆ തുടർന്ന് വരാവുന്ന ചിത്രങ്ങൾ വരച്ച് ചേർക്കുക.



**പ്രവർത്തനം 2 - ബില്ല് പൂർത്തിയാക്കാം**

ഷീബ വർണം ഫാൻസി കടയിൽ പോയി ചില സാധനങ്ങൾ വാങ്ങി.

◆ അതിന്റെ ബില്ല് പൂർത്തിയാക്കൂ....

**വർണം ഫാൻസി സ്റ്റോർ** **Bill No .113**

പേര് : ഷീബ തീയതി : 12.10.2015

| ഇനം | വില (ഒന്നിന്) | എണ്ണം | ആകെ |
|---|---|---|---|
| വള | 6 രൂപ | 8 | |
| മാല | 13 രൂപ | 5 | 65 രൂപ |
| കമ്മൽ | 40 രൂപ | 6 | |
| ഹെയർബാൻഡ് | 23 രൂപ | 7 | |
| **ആകെ** | | | |

◆ ഷീബ കടക്കാരന് ഒരു അഞ്ഞൂറുരൂപാ നോട്ടും ഒരു അൻപതു രൂപനോട്ടും നൽകി.
എത്ര രൂപ അവൾക്ക് ബാക്കി കിട്ടി?

**പ്രവർത്തനം 3 - ആകാശവാണി**

ആകാശവാണിയിൽ വചനാമൃതം പരിപാടി ആരംഭിക്കുന്ന സമയം ക്ലോക്കിൽ രേഖപ്പെടുത്തി യിരിക്കുന്നു




◆ ക്ലോക്ക് നോക്കി സമയം എഴുതുക

ആകാശവാണിയുടെ തിങ്കളാഴ്ചത്തെ ചില പരിപാടികൾ ചുവടെ നൽകുന്നു.

| | |
|---|---|
| 06.10 | പ്രഭാതഗീതം |
| 06.25 | ശ്രദ്ധ |
| 07.00 | കാവ്യാഞ്ജലി |
| 07.35 | ആരോഗ്യജീവിതം |
| 07.50 | നാട്ടുവിശേഷം |
| 08.30 | ലളിതസംഗീതപാഠം |
| 09.00 | റേഡിയോ ഹെൽത്ത് |
| 09.15 | മഴവില്ല് |

**10 മണിക്ക് പ്രഭാത പരിപാടികൾ സമാപിക്കുന്നു.**



♦ നാട്ടുവിശേഷം പരിപാടിക്ക് ആകെ എത്ര സമയമെടുക്കും?

♦ ക്ലോക്കിൽ കാവ്യാഞ്ജലി തുടങ്ങുന്ന സമയം വരച്ച് കാണിക്കുക



♦ പ്രഭാതഗീതം മുതൽ പ്രഭാത പരിപാടികൾ അവസാനിക്കുന്നതുവരെ ആകെ എത്ര സമയം ഉണ്ട്. ?

**പ്രവർത്തനം 4 - കുപ്പിയിൽ വെള്ളം നിറയ്ക്കൽ**

കുപ്പിയിൽ വെള്ളം നിറയ്ക്കൽ മത്സരത്തിനായി നറുക്കെടുത്തു. ഒരേ ഉത്തരം കിട്ടുന്നവർ ഗ്രൂപ്പായി. പക്ഷെ താഴെയുള്ള ഒരാൾ ഗ്രൂപ്പിൽപ്പെടില്ല. ആ കുട്ടിയുടെ കാർഡിന് വട്ടം വരയ്ക്കുക.



◆ ഓണാഘോഷത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സമ്മാനം നൽകാനായി 9 രൂപ വിലയുള്ള 23 ഗ്ലാസ്സുകൾ വാങ്ങി. ലഘു ഭക്ഷണത്തിന് 325 രൂപയും ചെലവായി. ആകെ എത്ര രൂപ ചെലവായി?

പ്രവർത്തനം 5 - നവംബർ മാസത്തിൽ

**2015 നവംബർ**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 ദീപാവലി | 11 | 12 | 13 | 14 ശിശുദിനം |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

◆ ഈ വർഷത്തെ ശിശുദിനാഘോഷത്തിന്റെ തിയതിയും ദിവസവും എഴുതുക.

◆ 2015 ഡിസംബർ മാസത്തെ ആദ്യത്തെ ശനിയാഴ്ച എത്രാം തിയതിയായിരിക്കും?

◆ 2015 നവംബർ മാസത്തെ സ്കൂൾ പ്രവൃത്തി ദിവസങ്ങൾ എത്ര?

◆ ആര്യയുടെ സ്കൂളിൽ ഒരു ദിവസം 9 കിലോഗ്രാം അരിയാണ് ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നത്. എങ്കിൽ നവംബർ മാസം എത്ര കിലോഗ്രാം അരി വേണ്ടി വരും?